## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 777 11.07.2016 – ൽ മറുപടിക്ക്**

# കരാറുകാർക്ക് കുടിശ്ശിക

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ. വി. വിജയദാസ്** | : | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) കഴിഞ്ഞ സർക്കാർ പൊതുമരാമത്ത് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദ-വിവരം നൽകുമോ ;

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ **740.28** കോടി രൂപയും കെട്ടിട വിഭാഗത്തിൽ **156.30/-** കോടി രൂപയും, ദേശീയപാതാ വിഭാഗ-ത്തിൽ **50.017/-** കോടി രൂപ പദ്ധതിയിനത്തിലും **7.03** ലക്ഷം രൂപ പദ്ധതി ഇതര ഇനത്തിലും കുടിശ്ശികയുണ്ട്.

(ബി) ഇത്തരം കുടിശ്ശികയുടെ ആധികാരികത പരിശോധി-ച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുമോ ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) ഭരണാനുമതിയും സാങ്കേതി-കാനുമതിയും നൽകിയ പ്രവൃത്തികൾ ഇ-ടെണ്ടർ വഴി ടെണ്ടർ ചെയ്തതിനുശേഷമാണ് ആരംഭി-ക്കുന്നത്. പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ചെക് മെഷർ ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ചതിനു ശേഷമാണ് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത്. മേൽ സൂചിപ്പിച്ച കുടിശ്ശിക ബില്ലുകൾ ഇത്തരത്തി-ലുള്ളവയാണ്.

സെക്ഷൻ ഓഫീസർ